80 വയസ്സുവരെ ജീവിക്കുന്നുവെന്ന് കണക്കാക്കിയാൽ പ്രതിമാസം 250 രൂപ നിരക്കിൽ ആകെ 60,000 രൂപ പെൻഷനായി മാത്രം ലഭിക്കുന്ന ആകർഷകമായ പദ്ധതിയാണിത്. ക്ഷീര കർഷക സംഘങ്ങൾക്ക് കർഷകർ നൽകുന്ന ഓരോ ലിറ്റർ പാലിനും നിശ്ചിത നിരക്കിൽ അംശദായം നൽകുമ്പോൾ കൂടുതൽ പാൽ സംഭരിക്കുന്ന സംഘങ്ങൾക്കും കൂടുതൽ പാൽ നൽകുന്ന കർഷകർക്കും ആനുപാതികമായി കൂടുതൽ തുക അംശദായമായി അടയ്ക്കേണ്ടിവരുന്നുണ്ട്. ഈ കാര്യത്തിൽ പ്രായോഗികത പഠിച്ച് ക്ഷീര കർഷക ക്ഷേമനിധി ബോർഡ് നിർദ്ദേശം സമർപ്പിക്കുന്ന മുറയ്ക്ക് സർക്കാർ അത് പരിഗണിക്കുമെന്ന് പറഞ്ഞ് അവരിൽനിന്ന് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. കേരള സർക്കാർ ക്ഷീര വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഒരു പരിപാടി ആയതിനാൽ തുച്ഛമായ അധികച്ചെലവു മാത്രമേ ഉണ്ടാകുകയുള്ളൂ. നാമമാത്രമായ ഉദ്യോഗസ്ഥർ മതിയെന്നുള്ളതുകൊണ്ട് ഉദ്യോഗസ്ഥരുടെ ചെലവും കാര്യമായി ഉണ്ടാകുന്നില്ല. സംഘങ്ങളിൽ ഇല്ലാത്തവർക്ക് പെൻഷൻ കൊടുക്കുകയെന്നു പറഞ്ഞാൽ ശ്രമകരമായ ജോലിയാണ്. കേരളത്തിൽ ഏതാണ്ട് 14 ലക്ഷത്തോളം കുടുംബങ്ങൾ കന്നുകാലി വളർത്തലിൽ ഏർപ്പെട്ടിട്ടുണ്ട്. ക്ഷീര സഹകരണ സംഘവുമായി ബന്ധപ്പെട്ട് പാൽ വിതരണം നടത്തുന്ന രണ്ട് ലക്ഷത്തിലധികം വരുന്ന കർഷകരുടെ ലിസ്റ്റ് എടുത്ത് പെൻഷൻ കൊടുക്കുന്നത് സമഗ്രമായ ജോലിയായിരിക്കും. മറ്റ് കാര്യങ്ങൾ പരിശോധിക്കാം. ഇപ്പോൾ ഈ നിയമം പ്രായോഗികമായി നടപ്പിലാക്കിത്തുടങ്ങുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : എൻട്രി ടാക്സ് ഏർപ്പെടുത്തിയാൽ സൊസൈറ്റിയേയും കൃഷിക്കാരേയും മിൽമയേയും ഉൾപ്പെടുത്താതെ ടാക്സ് ഈടാക്കാം. ഞാൻ ഒരു കൃഷിക്കാരനായതുകൊണ്ട് പറയുകയാണ്.

ശ്രീമതി കെ. ആർ. ഗൗരിയമ്മ : എൻട്രി ടാക്സ് നോക്കുന്നത് ഫിനാൻസ് ആണ്. ഞാൻ നോക്കിയിട്ടില്ല.

## (10) കേരളത്തിലെ കടലോരം സംരക്ഷിക്കാനുള്ള കേന്ദ്ര പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച്

ശ്രീ. ടി. എൻ. പ്രതാപൻ : സർ, ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട ടൂറിസം സ്ഥലങ്ങളിൽ ഒന്നായി കേരളം മാറിയിരിക്കുകയാണ്. ഇന്ന് ലോകത്തിലെ മൂന്ന് പ്രധാനപ്പെട്ട ടൂറിസം രാജ്യങ്ങളിൽ ഒന്നാമതായി കേരളത്തെ

12.00 NOON] തരംതിരിച്ചിരിക്കുകയാണ്. നമ്മുടെ കടലോര തീരപ്രദേശങ്ങൾ ടൂറിസത്തിന് വളരെയേറെ ആകർഷണീയമായ സ്ഥലങ്ങളാണ്. ഈ കടലോരത്തെ സംരക്ഷിക്കുന്നതിനും സൗന്ദര്യവൽക്കരി ക്കുന്നതിനും വേണ്ടി കേന്ദ്ര സർക്കാരിൽനിന്നും നമുക്ക് ലഭിച്ചിട്ടുള്ള വിവിധ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. നേരത്തേ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കാനും പുതിയതായി അനുവദിച്ച പരിപാടികൾ സമയബന്ധിതമായി തീർക്കാനും അടിയന്തിര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ): സർ, കടലോര സംരക്ഷിത പ്രവർത്തനങ്ങൾക്കായി പ്ലാനിംഗ് കമ്മീഷൻ വിനോദ സഞ്ചാര മേഖലയ്ക്ക് 100 കോടി രൂപ ടെന്റേറ്റീവ് ആയി വകയിരുത്തിയിട്ടുള്ളതായി റവന്യൂ വകുപ്പ് ഡിസാസ്റ്റർ മാനേജ്മെന്റിനെ അറിയിച്ചിട്ടുണ്ട്. 2006-2009 വരെയുള്ള നാല് വർഷങ്ങളിലേക്ക് വിനിയോഗിക്കുന്നതിനാണ് പ്രസ്തുത തുക വകയിരുത്തിയിട്ടുള്ളത്. ഇതിന്റെ ആദ്യ ഗഡുവായി 2006-2007 വർഷത്തേക്ക് 10.5 കോടി രൂപ സംസ്ഥാന സർക്കാർ പ്ലാനിംഗ് കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. തുക ലഭ്യമാകുന്ന മുറയ്ക്ക് സമയബന്ധിതമായി ഇതുമായി ബന്ധപ്പെട്ട തീരപ്രദേശങ്ങൾ സംരക്ഷിക്കുന്നതിന് ഈ തുക ഉപയോഗിക്കുന്നതാണ്. ഇതുകൂടാതെ മെയിൻകുന്ന്, പയ്യാമ്പലം, മുഴപ്പിലങ്ങാടി, നാട്ടിക, തളിക്കുളം, വാടാനപ്പിള്ളി, ചെറായി, ശംഖുംമുഖം തുടങ്ങിയ ബീച്ചുകളെ ഉൾപ്പെടുത്തി കടലോര ടൂറിസം സർക്യൂട്ട് വികസിപ്പിക്കുന്ന പരിപാടിയുണ്ട്. ഇതിന് 7 കോടി രൂപ കേന്ദ്രപദ്ധതിയിൽ നമുക്ക് അനുവദിച്ചിട്ടുണ്ട്. ആ പദ്ധതിയെക്കുറിച്ച് കഴിഞ്ഞ ദിവസം ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി അടിയന്തിരമായി ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ ആലപ്പുഴ (1.27 കോടി രൂപ), ബേക്കൽ (ഒരു കോടി രൂപ), കാപ്പാട് (1.5 കോടി രൂപ), കോവളം (60 ലക്ഷം രൂപ), വർക്കല (ഒരു കോടി രൂപ) തുടങ്ങിയ ബീച്ചുകളും വികസിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇത് മൊത്തത്തിൽ 6.27 കോടി രൂപയോളമാണ് ചെലവ് വരുന്നത്. ഏഴ് കോടി രൂപ കൂടാതെ ബീച്ചുകളുടെ നവീകരണത്തിനായി ഈ തുകയും വിനിയോഗിച്ചിട്ടുണ്ട്.

## (11) ബേപ്പൂർ ഫിഷിംഗ് ഹാർബറിൽ 17-9-2005-ൽ ഉണ്ടായ സ്ഫോടനത്തെക്കുറിച്ച് മറ്റൊരു ഏജൻസിയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന ആവശ്യം

ശ്രീ. വി. കെ. സി. മമ്മത്കോയ: സർ, ബേപ്പൂർ ഫിഷിംഗ് ഹാർബറിൽ 17-9-2005-ന് പുലർച്ചെ അഞ്ചര മണിക്ക് മത്സ്യബന്ധന ബോട്ടിൽ അതിഭീകരമായിട്ടുള്ള ഒരു സ്ഫോടനം ഉണ്ടായി. ജോലിക്ക് ആളുകൾ ആ ബോട്ടിൽ ഉണ്ടായിരുന്നെങ്കിൽ 35 ആളുകളുടെ ജീവൻ അപഹരിക്കപ്പെടുമായിരുന്നു. മാറാട് കേസുമായി ബന്ധമുള്ള കുറേ ആളുകളും അതുമായി ബന്ധപ്പെട്ട ഒരേ സമുദായക്കാരായിട്ടുള്ള 35 പേരാണ് അതിൽ പോകേണ്ടിയിരുന്നത്. കടലിൽ എത്തിയാണ് ആ സ്ഫോടനം ഉണ്ടായതെങ്കിൽ, നമുക്ക് കണക്കാക്കാൻ പറ്റാത്ത ഒരു അവസ്ഥ നമ്മുടെ നാട്ടിൽ സൃഷ്ടിക്കപ്പെടുമായിരുന്നു. ഏതായാലും അങ്ങനെ വന്നില്ല. അതുകഴിഞ്ഞ് പോലീസ് ഇത് പരിശോധിക്കാൻ പുറപ്പെട്ടു. ഇതിനെ സംബന്ധിച്ച് ചില സൂചനകൾ കിട്ടിയിട്ടുണ്ട്, അടിയന്തിരമായി പ്രതികളെ കസ്റ്റഡിയിലെടുക്കുമെന്ന് പോലീസ് മേധാവി കോഴിക്കോട് വന്നപ്പോൾ പത്രക്കാരോടൊക്കെ പറഞ്ഞു. അത് ഉടനെ നടക്കുമെന്ന് അറിയിച്ചെങ്കിലും നടന്നില്ല. ഡിവൈ.എസ്.പി.-യുടെ കൺട്രോളിൽ ക്രൈം ബ്രാഞ്ച് ഒരു ടീമിനെ നിയോഗിച്ചു. വളരെ കാര്യങ്ങളൊന്നും പുറത്തു വരാതിരുന്നപ്പോൾ മുഖ്യമന്ത്രിയുമായി ഞാൻ തന്നെ രണ്ട് തവണ സംസാരിച്ചു. അപ്പോൾ മുഖ്യമന്ത്രി പറഞ്ഞത് വളരെ സയന്റിഫിക്കായി അതിന്റെ അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്,

GPM. 2/154/2013—26

LIBRARY ARCHIVES Kerala Legislative Assembly